REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരുമായി ആക്സിയം-4 ഡ്രാഗൺ പേടകം ബഹിരാകാശ നിലയത്തിലേക്ക് കുതിച്ചു.**
- **അടിയന്തരാവസ്ഥയുടെ നാളുകൾ ഓർമ്മിപ്പിച്ച് രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു. അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ ഉറച്ചുനിന്നവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിവാദ്യം ചെയ്തു.**
- **ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇതുവരെ 818 ഇന്ത്യക്കാർ ഇസ്രായേലിൽ നിന്ന് നാട്ടിലേക്ക് എത്തിയതായി വിദേശകാര്യ മന്ത്രാലയം.**
- **കേരള കെയർ പദ്ധതിയും പാലിയേറ്റീവ് കെയർ ശൃംഖലയും മുഖ്യമന്ത്രി പിണറായി വിജയൻ ശനിയാഴ്ച ഉദ്ഘാടനം ചെയ്യും.**
- **വയനാട്ടിൽ ശക്തമായ മഴ. ചൂരൽമല - മുണ്ടക്കൈ ഭാഗത്ത് പുന്നപ്പുഴയിൽ കുത്തൊഴുക്ക്.**

## വാർത്തകൾ വിശദമായി

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരുമായി ഫ്ലോറിഡയിലെ കെനഡി സ്പേയ്സ് സെന്ററിൽ നിന്ന് ആക്സിയം-4, ഡ്രാഗൺ ബഹിരാകാശ പേടകം കുതിച്ചുയർന്നു. ഉച്ചയ്ക്ക് 12.01 നായിരുന്നു വിക്ഷേപണം. ഇന്ത്യ, അമേരിക്ക, പോളണ്ട്, ഹംഗറി, എന്നീ നാല് രാജ്യങ്ങളിലെ ഓരോരുത്തരാണ് പേടകത്തിലെ യാത്രികർ.

നാളെ വൈകിട്ട് ഇന്ത്യൻ സമയം നാലരയോടെ ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുമെന്ന് ISRO സാമൂഹിക മാധ്യമ പോസ്റ്റിൽ അറിയിച്ചു. 14 ദിവസം സഞ്ചാരികൾ അന്താരാഷ്ട്ര നിലയത്തിൽ ചെലവഴിക്കും. ഗുരുത്വാകർഷണം ഉൾപ്പെടെ സുപ്രധാന വിഷയങ്ങളിൽ യാത്രികർ പഠനം നടത്തും. നാസയും ISRO യും തമ്മിൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന ദൗത്യം കൂടിയാണ് ആക്സിയം-4.

മെയ് 29ന് നിശ്ചയിച്ചിരുന്ന ദൗത്യം സാങ്കേതിക തകരാറുകളെത്തുടർന്നും, മോശം കാലാവസ്ഥ മൂലവും പലവട്ടം മാറ്റിവെയ്ക്കുകയായിരുന്നു.

✪✪✪

അടിയന്തരാവസ്ഥയുടെ കറുത്ത നാളുകൾ ഓർമ്മിപ്പിച്ച് രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുകയാണ്. അരനൂറ്റാണ്ടു മുമ്പുണ്ടായ അടിയന്തരാവസ്ഥ ഇനിയൊരിക്കൽ കൂടി ആവർത്തിക്കാതിരിക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കാനും, പ്രതിബദ്ധരാക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം.

അടിയന്തരാവസ്ഥയുടെ നാളുകളിൽ ഇരകളായി മാറിയ ഓരോരുത്തർക്കും ഇന്ന് ശ്രദ്ധാഞ്ജലിയർപ്പിക്കും.

✪✪✪

അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ ഉറച്ചുനിന്നവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിവാദ്യം ചെയ്തു. ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട അധ്യായങ്ങളിലൊന്നിന് ഇന്ന് അമ്പത് വർഷം തികയുന്നതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അടിയന്തരാവസ്ഥക്കാലത്ത് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ത്യയുടെ ജനാധിപത്യ ഘടനയെ സംരക്ഷിക്കാൻ ജനങ്ങൾ മുന്നിട്ട് പ്രവർത്തിച്ചെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഭരണഘടനയിലെ തത്വങ്ങൾ ശക്തിപ്പെടുത്തുന്നതിനും 'വികസിത് ഭാരത്' എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനും കേന്ദ്രഗവണ്മെന്റ് പ്രതിബദ്ധമാണെന്നും, രാജ്യം പുരോഗതിയുടെ പുതിയ ഉയരങ്ങൾ താണ്ടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യൻ ജനാധിപത്യത്തെ ശ്വാസം മുട്ടിക്കാൻ 50 വർഷം മുമ്പ് അടിയന്തരാവസ്ഥയിലൂടെ അന്നത്തെ ഭരണകൂടം ശ്രമിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ജനാധിപത്യ വ്യവസ്ഥയിലെ ഇരുണ്ട അധ്യായമായാണ് ജനങ്ങൾ അടിയന്തരാവസ്ഥയെ ഇപ്പോഴും ഓർക്കുന്നതെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

50 വർഷം മുമ്പ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന കാലത്തെ മനോഭാവമാണ് കോൺഗ്രസ് ഇന്നും പിന്തുടരുന്നതെന്ന് BJP അധ്യക്ഷൻ JP നദ്ദ കുറ്റപ്പെടുത്തി. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വിമത ശബ്ദങ്ങൾ അടിച്ചൊതുക്കിയും മതപ്രീണനം നടത്തിയും അധികാര ഗർവ് കാണിച്ചും അടിയന്തരാവസ്ഥകാലത്തെ അനുസ്മരിക്കുന്ന ക്രമസമാധാന സാഹചര്യം അവർ പുനഃസൃഷ്ടിക്കുക യാണെന്നും നദ്ദ അഭിപ്രായപ്പെട്ടു. രാഹുൽ ഗാന്ധിയും കോൺഗ്രസും ഭരണഘടന എടുത്ത് കാണിച്ച് അടിയന്തരാവസ്ഥയെ ന്യായീകരിച്ച് ക്ഷമാപണത്തിന് വൈമുഖ്യം കാണിക്കുകയാണ്.

അന്നത്തെ പ്രധാനമന്ത്രി 1975 ജൂണിലും 77 മാർച്ചിനുമിടയിലെ 21 മാസം പ്രതിപക്ഷനേതാക്കളെ തുറുങ്കിലടക്കുകയും പത്രസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുകയും പൗരാവകാശങ്ങൾ നിഷേധിക്കുകയും ചെയ്തുവെന്നും നദ്ദ പറഞ്ഞു. ജനാധിപത്യം സംരക്ഷിക്കാൻ ജീവൻ പോലും പണയപ്പെടുത്തിയവർക്ക് നദ്ദ സ്മരണാഞ്ജലി അർപ്പിച്ചു.

✪✪✪

അടിയന്തരാവസ്ഥാജനാധിപത്യസംരക്ഷണ പോരാട്ട സ്മൃതി സമിതിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ അടിയന്തരാവസ്ഥയുടെ 50ാം വാർഷികം ഇന്ന് ആചരിക്കും. സ്മൃതി സംഗമം വൈകിട്ട് ഗോവ ഗവർണർ PS ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. RSS മുൻ അഖില ഭാരതീയ കാര്യകാരി അംഗം S സേതുമാധവൻ മുഖ്യപ്രഭാഷണം നടത്തും.

✪✪✪

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇതുവരെ 818 ഇന്ത്യക്കാർ ഇസ്രായേലിൽ നിന്ന് നാട്ടിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ന് രാവിലെ ഇന്ത്യൻ വ്യോമസേനാ വിമാനത്തിൽ ഇസ്രായേലിൽ നിന്ന് മടങ്ങിയെത്തിയ 224 ഇന്ത്യക്കാരെ കേന്ദ്ര സഹമന്ത്രി ശോഭ കരന്ദലാജെ സ്വീകരിച്ചു. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കാണ് ഗവണ്മെന്റ് മുൻഗണന നൽകുന്നതെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

രണ്ട് വർഷത്തിനകം രാജ്യത്തെ സമ്പദ്‌വ്യവസ്ഥ അഞ്ച് ട്രില്യൺ US ഡോളറാകുമെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ അറിയിച്ചു. മർച്ചന്റ്സ് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി സംഘടിപ്പിച്ച പരിപാടിയിൽ വെർച്വലായി സംസാരിക്കുകയായിരുന്നു അദ്ദേഹം. 'വികസിത് ഭാരത് 2047'

എന്ന ദർശനത്തിലൂടെ ഇന്ത്യയുടെ സമഗ്ര വളർച്ചയ്ക്കാണ് നരേന്ദ്രമോദി ഗവൺമെന്റ് പ്രാമുഖ്യം നൽകുന്നതെന്നും പീയുഷ് ഗോയൽ പറഞ്ഞു.

✪✪✪

ചൈനയിലെ ക്വിംഗ് ഡാവോയിൽ രണ്ടുദിവസത്തെ ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ രാജ്യരക്ഷാ മന്ത്രിമാരുടെ യോഗത്തിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സംഘത്തെ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗാണ് നയിക്കുന്നത്. ചൈന, റഷ്യ തുടങ്ങി വിവിധ രാജ്യങ്ങളിലെ രാജ്യരക്ഷാ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തുമെന്നും ആഗോളസമാധാനവും സുരക്ഷയും കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യൻ നിലപാട് ഇവർ അവതരിപ്പിക്കുമെന്നും രാജ്നാഥ് സിംഗ് അറിയിച്ചു.

✪✪✪

ഇന്ന് അന്താരാഷ്ട്ര നാവിക ദിനം. സമുദ്രസുരക്ഷയ്ക്കും, പരിസ്ഥിതിയ്ക്കും പ്രാധാന്യം നൽകുന്നതിനും അന്താരാഷ്ട്ര സമുദ്രവ്യാപാരത്തെപ്പറ്റി പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും നാവികർ നൽകുന്ന സംഭാവനകളെ അംഗീകരിക്കുന്നതിനുമാണ് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അന്താരാഷ്ട്ര നാവികദിനം ആഘോഷിക്കുന്നത്.

'എന്റെ സുരക്ഷിത കപ്പൽ' എന്നതാണ് ഈ വർഷത്തെ നാവിക ദിനപ്രമേയം.

✪✪✪

ഇറാന്റെ ആണവ കേന്ദ്രങ്ങൾ അമേരിക്കൻ ആക്രമണത്തിൽ തകർന്നിട്ടില്ലെന്ന മാധ്യമറിപ്പോർട്ടുകൾ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തള്ളി. അമേരിക്കൻ മാധ്യമങ്ങളായ CNN-ഉം ന്യൂയോർക്ക് ടൈംസും US-ന്റെ സൈനികാക്രമണ വിജയത്തെ മായ്ക്കാൻ ശ്രമിക്കുകയാണെന്ന് ട്രൂത്ത് സോഷ്യൽ സാമൂഹ്യ മാധ്യമപോസ്റ്റിൽ ട്രംപ് കുറിച്ചു. ഇറാനിലെ ആണവ കേന്ദ്രങ്ങൾ അമേരിക്കൻ സൈന്യം പൂർണമായി തകർത്തെന്നും ട്രംപ് അറിയിച്ചു.

✪✪✪

കേരള കെയർ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 28ന് എറണാകുളം കളമശ്ശേരി രാജഗിരി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കുന്ന സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനമാണ് ശനിയാഴ്ച നടത്തുന്നത്.

കേരളത്തിന്റെ പാലിയേറ്റീവ് പരിചരണ രംഗത്തെ സുപ്രധാന ഇടപെടലുകളിലൊന്നാണ് സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ശൃംഖല രൂപീകരിച്ചിരിക്കുന്നത്. പാലിയേറ്റീവ് കെയർ രംഗത്തെ എല്ലാ സന്നദ്ധ സംഘടനകളേയും കൂട്ടായ്മകളേയും ശൃംഖലയുടെ ഭാഗമാക്കും. രോഗികളെ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പരിചരിക്കാൻ തയ്യാറായ സന്നദ്ധ പ്രവർത്തകരെയും ഗ്രിഡിന്റെ ഭാഗമാക്കുമെന്ന് മന്ത്രി അറിയിച്ചു. നിലവിൽ 7,765 സന്നദ്ധ പ്രവർത്തകരാണ് രജിസ്റ്റർ ചെയ്തത്. ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ പാലിയേറ്റീവ് ഗ്രിഡിലൂടെ നിരീക്ഷിച്ച് എല്ലാ കിടപ്പ് രോഗികൾക്കും പരിചരണം ഉറപ്പാക്കി വരികയാണ്

✪✪✪

നാളെ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനം. മയക്കുമരുന്ന് ഉപയോഗത്തിനും കള്ളക്കടത്തിനുമെതിരെ ജാഗ്രത പുലർത്താനും, ബോധവത്ക്കരണത്തിനും ലോക വ്യാപകമായി ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലാ ഭരണകൂടവും ജില്ലാപഞ്ചായത്തും ചേർന്ന് നാളെ മയക്കുമരുന്നിനെതിരെ 'ടു മില്യൺ പ്ലഡ്ജ് എഗെയ്ൻസ്റ്റ് ഡ്രഗ്സ് ' പരിപാടി സംഘടിപ്പിക്കും. വിവിധ കേന്ദ്രങ്ങളിലായി 20 ലക്ഷം പേർ മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞയെടുക്കും.

രാവിലെ പതിനൊന്നരയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, AK ശശീന്ദ്രൻ എന്നിവർ ടൗൺഹാളിലെ പരിപാടിയിൽ മുഖ്യാതിഥികളായി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. തീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

വയനാട്ടിൽ ഇന്നലെ രാത്രി തുടങ്ങിയ അതിശക്തമായ മഴ ഇപ്പോഴും തുടരുകയാണ്. ചൂരൽമല പുന്നപ്പുഴയിലൂടെ മരങ്ങളും പാറക്കല്ലുകളും ഒഴുകിയെത്തി. ചെളി കലങ്ങിയ വെള്ളമാണ് ഒഴുകുന്നത്. ബെയ്‌ലി പാലത്തിന് സമീപം പുഴയിൽ കുത്തൊഴുക്കാണ്. ചൂരൽ മല, മുണ്ടക്കൈ ഭാഗത്ത് വീണ്ടും ഉരുൾ പൊട്ടിയതായി സംശയിക്കുന്നുണ്ടെങ്കിലും ഇതിന് ഔദ്യോഗിക സ്ഥിരീകരണമില്ല. ചൂരൽമലയിലെത്തിയ വില്ലേജ് ഓഫീസറുൾപ്പെടെ റവന്യു സംഘത്തേയും ജലസേചന വകുപ്പിന്റെ ഒരു വാഹനത്തേയും നാട്ടുകാർ തടഞ്ഞുവെച്ചു. ഫയർഫോഴ്സിനേയും അവർ ഉപരോധിച്ചു.

അട്ടമല പ്രദേശത്ത് റോഡിൽ വെള്ളം കയറിയതോടെ മേഖലയിലെ നിരവധി തൊഴിലാളികൾ ഒറ്റപ്പെട്ടു. ഒരാഴ്ച മുൻപും ചൂരൽമലയിൽ വ്യാപകമായി മണ്ണിടിച്ചിൽ ഉണ്ടായിരുന്നു. എന്നാൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ജില്ലാ ഭരണകൂടം അറിയിച്ചിരുന്നു.

ജില്ലാ അധികൃതർ അല്പസമയത്തിനകം പ്രദേശം സന്ദർശിക്കും.

✪✪✪

വെള്ളരിമലയിലെ ശക്തമായ മഴയും മലവെള്ളപ്പാച്ചിലും മൂലം മുക്കം ഇരുവഴിഞ്ഞി പുഴയിൽ ജലനിരപ്പ് ഉയർന്നു. സഞ്ചാരികൾക്കും തീരവാസികൾക്കും അധികൃതർ ജാഗ്രതാ നിർദേശം നൽകി. കോഴിക്കോട് ജില്ലയിൽ ഇന്ന് രാവിലെ മുതൽ ശക്തമായ മഴയാണ്.

✪✪✪

ദേശീയപാത 544 മണ്ണൂത്തി - ഇടപ്പള്ളി മേഖലയിൽ മേൽപ്പാലത്തിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന്റെ അധ്യക്ഷതയിൽ  ചാലക്കുടിയിൽ യോഗം ചേർന്നു. സർവ്വീസ് റോഡുകളുടെ ഗതാഗത സൗകര്യം ഒരുക്കുന്നതിൽ ദേശീയപാത അതോറിറ്റി അധികൃതർക്ക് വീഴ്ച സംഭവിച്ചതായി യോഗം വിലയിരുത്തി.

യോഗത്തിൽ ബെന്നി ബഹനാൻ MP, സനീഷ്കുമാർ ജോസഫ് MLA, റൂറൽ പോലീസ് മേധാവി B. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് ഭക്തജന തിരക്ക് വർദ്ധിച്ചു. ഇന്നലെ രോഹിണി ആരാധനയും ആലിംഗന പുഷ്പാഞ്ജലിയും ദർശിക്കാനായി നിരവധി പേരാണ് എത്തിയത്. നാളെ തിരുവാതിര ചതുർശ്ശതം നടത്തും.

✪✪✪

രാജ്യത്ത് ആദ്യമായി കാസർകോട് ജില്ലയിലെ ഉജർ ഉൾവാർ വില്ലേജിൽ ഭൂമി കൈമാറ്റം പൂർണമായി ഡിജിറ്റലൈസ് ചെയ്തു. റവന്യൂ - സർവെ - രജിസ്ട്രേഷൻ വകുപ്പുകളുടെ 'എന്റെ ഭൂമി' പോർട്ടൽ വഴിയാണ് ഓൺലൈനിൽ ആദ്യ ഭൂമി കൈമാറ്റം നടത്തിയത്. ഭൂമി സംബന്ധമായ അപേക്ഷകൾക്ക് ഓൺലൈനിൽ തന്നെ രേഖകൾ നൽകുന്ന സംവിധാനവും ഇതോടെ നിലവിൽ വന്നു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 72,560 രൂപയായി. ഗ്രാമിന് 9,070 രൂപയാണ് ഇന്നത്തെ വില.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*NRT: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*